ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനുള്ള ഉത്തരവുകൾ സഹകരണ വകുപ്പു പാലിക്കുന്നില്ലെന്ന പരാതി

1223 [2192] ശ്രീ. കെ. ഇ. ഇസ്മയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനുവേണ്ടി ഗവൺമെൻറു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ സഹകരണ വകുപ്പു പാലിക്കുന്നില്ലെന്ന പരാതി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ വകുപ്പിലേക്ക് ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനുവേണ്ടി അപേക്ഷിച്ചിരുന്ന മറ്റു ഡിപ്പാർട്ടുമെൻറുകളിലെ എൽ. ഡി. ക്ലാർക്കുമാരുടെ അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ;

(സി) ഗവൺമെൻറ് ഉത്തരവ് പാലിക്കാതെ ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനുള്ള അപേക്ഷ തള്ളിക്കളഞ്ഞിട്ടുണ്ടെങ്കിൽ അതിനുത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഇനിമേലിലെങ്കിലും സഹകരണ വകുപ്പിലേക്ക് ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിനു ചട്ടപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സഹകരണ വകുപ്പിൽ ഉണ്ടായിരുന്ന ഒഴിവുകൾ സർവ്വീസ് കമ്മീഷനു റിപ്പോർട്ടു ചെയ്തതുകൊണ്ട് ഇൻറർ ഡിപ്പാർട്ടുമെൻറൽ ട്രാൻസ്ഫറിൻറെ അപേക്ഷകൾ പരിഗണിക്കുക ഉണ്ടായില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഈ കാര്യം പരിശോധിച്ചുവരുന്നു.

മണ്ണന്തല ഗവൺമെൻറ് പ്രസ്

1224 [2197] ശ്രീ. വർക്കല രാധാകൃഷ്ണൻ:
,, എം. ജിനദേവൻ:
,, കെ. മൂസ്സക്കുട്ടി:
,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, ഒ. ഭരതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തലയിലുള്ള ഗവൺമെൻറ് പ്രസ് പ്രവർത്തനമാരംഭിച്ചത് എന്നു മുതൽക്കാണ്;

(ബി) അത് പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങിയോ;

(സി) മണ്ണന്തല പ്രസ്സിലേക്ക് ഉള്ള ജീവനക്കാരെ നിയമിച്ചത് ഏതു രീതിയിലാണ്;

(ഡി) മണ്ണന്തല പ്രസ്സിലേക്കുള്ള നിയമനങ്ങൾ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകൾക്ക് എന്തെങ്കിലും ഉറപ്പ് സർക്കാർ നൽകിയിരുന്നോ;

(ഇ) എങ്കിൽ ആ ഉറപ്പുകൾ പാലിക്കപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly